Kerala Gazette No. 41 dated 26th October 1971.
PART II

കേരള നിയമസഭാ സെക്രട്ടറിയേറ്റ്

പരസ്യം

നമ്പർ 949/എൽ. എ. 4/71. തിരുവനന്തപുരം, 1971 ഫെബ്രുവരി 27.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 67-ാം ചട്ടപ്രകാരം താഴെപ്പറയുന്ന ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യമെമ്മോറാണ്ടത്തോടും ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടത്തോടുംകൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
സെക്രട്ടറി,
നിയമസഭ.

നാലാമതു കേരള നിയമസഭ

28-ാം നമ്പർ ബിൽ

തടവുകാരെ സംബന്ധിച്ച 1971-ലെ കേരള ബിൽ

കോടതികളുടെ ഉത്തരവുമൂലം തടങ്കലിൽ വെച്ചിട്ടുള്ള തടവുകാരെ സംബന്ധിച്ച നിയമം ഏകീകരിക്കുന്നതിനുള്ള ഒരു ബിൽ.

പീഠിക.—കോടതികളുടെ ഉത്തരവുമൂലം തടങ്കലിൽ വെച്ചിട്ടുള്ള തടവുകാരെ സംബന്ധിച്ച നിയമം ഏകീകരിക്കുന്നത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കട്ടെ:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന് തടവുകാരെ സംബന്ധിച്ച 1971-ലെ കേരള ആക്റ്റ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം.—

(എ) 'കോടതി' എന്നതിൽ സിവിലോ ക്രിമിനലോ, റവന്യൂവോ ആയ വിചാരണാധികാരം നിയമപരമായി വിനിയോഗിക്കുന്ന ഏതൊരുദ്യോഗസ്ഥനും ഉൾപ്പെടുന്നതാകുന്നു;

(ബി) 'ഇൻസ്പെക്റ്റർ ജനറൽ' എന്നതിന് ജയിൽ ഇൻസ്പെക്റ്റർ ജനറൽ എന്നർത്ഥമാകുന്നു;

(സി) 'ജയിൽ' എന്നതിൽ തുറന്നജയിലും പൊതുവോ പ്രത്യേകമോ ആയ ഉത്തരവുമൂലം ഉപജയിൽ എന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഏതൊരു സ്ഥലവും ഉൾപ്പെടുന്നതാകുന്നു;

(ഡി) 'സംസ്ഥാനം' എന്നതിന് കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

(2) 'ജയിലുകൾ' അഥവാ 'ജയിലിൽ അടയ്ക്കൽ' അഥവാ 'തടവിൽ വെയ്ക്കൽ' എന്നിങ്ങനെ 5 മുതൽ 9 വരെ വകുപ്പുകളിൽ ഉള്ള എല്ലാ പരാമർശങ്ങളും ദുർഗ്ഗുണപരിഹാരശാലകൾ, ബോർസ്റ്റൽ സ്ഥാപനങ്ങൾ, സർട്ടിഫൈഡ് സ്കൂളുകൾ, സമാനസ്വഭാവമുള്ള മറ്റ് സ്ഥാപനങ്ങൾ അഥവാ അവയിൽ തടവിൽവെയ്ക്കൽ എന്നിവയ്ക്കും ഉള്ള പരാമർശങ്ങളായി കരുതേണ്ടതാണ്.

3. തങ്ങളുടെ ബന്തവസ്സിലേയ്ക്ക് യഥാവിധി അയയ്ക്കപ്പെട്ട ആളുകളെ ജയിലുകളുടെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥന്മാർ തടവിൽ വെയ്ക്കണമെന്ന്.—ജയിലിന്റെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ, ഈ ആക്റ്റ് പ്രകാരമോ, മറ്റു വിധത്തിലോ ഏതെങ്കിലും കോടതി, തന്റെ ബന്തവസ്സിലേയ്ക്ക് യഥാവിധി അയച്ചിട്ടുള്ള എല്ലാ ആളുകളെയും, അങ്ങനെയുള്ള ആളെ അയച്ചിട്ടുള്ള റിട്ടിന്റെയോ വാറണ്ടിന്റെയോ, ഉത്തരവിന്റെയോ ആവശ്യത്തിനനുസരണമായോ അഥവാ നിയമാനുസൃതമായി അങ്ങനെയുള്ള ആളെ മോചിപ്പിക്കുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നതുവരെയോ സ്വീകരിച്ച് തടവിൽ വെയ്ക്കേണ്ടതാണ്.

4. ജയിലുകളുടെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥന്മാർ നടപ്പാക്കുകയോ മോചിപ്പിക്കുകയോ ചെയ്തശേഷം റിട്ടുകൾ മുതലായവ മടക്കണമെന്ന്.—ജയിലിന്റെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ, വിചാരണയ്ക്കുവേണ്ടി അയയ്ക്കപ്പെടുന്നതിനുള്ള വാറണ്ട് ഒഴിച്ച്, 3-ാം വകുപ്പുപ്രകാരമുള്ള ഏതെങ്കിലും റിട്ടോ, ഉത്തരവോ വാറണ്ടോ നടപ്പാക്കുകയോ അഥവാ അതുമൂലം അയയ്ക്കപ്പെട്ടയാളെ മോചിപ്പിക്കുകയോ ചെയ്തുകഴിഞ്ഞയുടൻ, അങ്ങനെയുള്ള

റിട്ടിലോ ഉത്തരവിലോ വാറണ്ടിലോ എങ്ങനെ ആയത് നടപ്പാക്കിയെന്നോ, അഥവാ അതുമൂലം ആയയ്ക്കപ്പെട്ടയാളെ അതു നടപ്പാക്കുന്നതിനുമുമ്പ് എന്തുകൊണ്ട് ബന്തവസ്സിൽനിന്ന് മോചിപ്പിച്ചെന്നോ കാണിക്കുന്നതും അദ്ദേഹം ഒപ്പുവെച്ചതുമായ സർട്ടിഫിക്കറ്റ് സഹിതം ആയത് പുറപ്പെടുവിക്കുകയോ ഉണ്ടാക്കുകയോ ചെയ്ത കോടതിയിലേക്ക് മടക്കേണ്ടതാണ്.

5. കോടതിവിധികൾക്ക് പ്രാബല്യം നൽകുന്നതിന് ജയിലുകളുടെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻമാർക്കുള്ള അധികാരം.—സംസ്ഥാനത്തിനകത്തുള്ള ജയിലുകളുടെ ചാർജ്‌വഹിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് ഏതെങ്കിലും ആളെ തടവിൽ വെയ്ക്കുന്നതിനുവേണ്ടി,—

(എ) ഗവൺമെന്റിന്റെ പൊതുവോ പ്രത്യേകമോ ആയ അധികാരപ്രകാരം സംസ്ഥാനത്തിനകത്തു പ്രവർത്തിക്കുന്ന ഹൈക്കോടതിയോ മറ്റേതെങ്കിലും കോടതിയോ ട്രൈബ്യൂണലോ; അഥവാ

(ബി) ഗവൺമെന്റിന്റെ പൊതുവോ പ്രത്യേകമോ ആയ ഉത്തരവുമൂലം അങ്ങനെയുള്ള ഏതെങ്കിലും കോടതിയോ ട്രൈബ്യൂണലോ ജയിൽശിക്ഷയ്ക്കു വിധിച്ച ആളുകളെ സ്വീകരിക്കുന്നതോ തടവിൽ വെയ്ക്കുന്നതോ ജയിലിലടയ്ക്കുന്നതോ അധികാരപ്പെടുത്തപ്പെട്ടിട്ടുണ്ടെങ്കിൽ ഇൻഡ്യയിലെ മറ്റേതെങ്കിലും കോടതിയോ ട്രൈബ്യൂണലോ

പാസാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്ത ഏതെങ്കിലും വിധിക്കോ ഉത്തരവിനോ വാറണ്ടിനോ പ്രാബല്യം നൽകാവുന്നതാണ്.

6. കോടതിയിലേയോ ട്രൈബ്യൂണലിലേയോ ഉദ്യോഗസ്ഥന്റെ വാറണ്ട് മതിയായ അധികാരമാണെന്ന്.—5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കോടതിയിലേയോ ട്രൈബ്യൂണലിലേയോ ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ഒപ്പുള്ള വാറണ്ട്, ഏതെങ്കിലും ആളെ, അയാളുടെ മേൽ പാസാക്കിയ ശിക്ഷവിധി അനുസരിച്ച് തടവിൽ വെയ്ക്കുന്നതിനു മതിയായ അധികാരമായിരിക്കുന്നതാണ്.

7. നടപ്പാക്കുന്നതിനുവേണ്ടി തനിക്കയച്ചിട്ടുള്ള വാറണ്ടിന്റെ നിയമസാധുതയെപ്പറ്റി ജയിലിന്റെ ചാർജ്‌വഹിക്കുന്ന ഉദ്യോഗസ്ഥന് സംശയമുണ്ടാകുമ്പോഴുള്ള നടപടി.—(1) നടപ്പാക്കുന്നതിനുവേണ്ടി തനിക്കയച്ചിട്ടുള്ള വാറണ്ടിന്റെയോ ഉത്തരവിന്റെയോ നിയമസാധുതയെപ്പറ്റിയോ, അഥവാ അതിൽ ആരുടെ ഔദ്യോഗിക മുദ്രയോ കയ്യൊപ്പോ ആണോ പതിച്ചിട്ടുള്ളത് ആ ആൾക്ക് ആ വിധി പാസാക്കാനും വാറണ്ടോ ഉത്തരവോ പുറപ്പെടുവിക്കാനും ഉള്ള അധികാരത്തെപ്പറ്റിയോ, ജയിലിന്റെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥന് സംശയമുണ്ടാകുന്നപക്ഷം, അയാൾ ആ കാര്യം ഗവൺമെന്റിന് റഫർ ചെയ്യേണ്ടതും, ആ

സംഗതിയിലുള്ള അവരുടെ ഉത്തരവ് തടവുകാരനെ ഭാവിയിൽ കൈകാര്യം ചെയ്യേണ്ട രീതി സംബന്ധിച്ച് അയാൾക്കും മറ്റെല്ലാ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കും മാർഗ്ഗനിർദ്ദേശകമായിരിക്കേണ്ടതുമാകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരം നടത്തിയ റഫറൻസ് തീർപ്പാക്കുന്നതുവരെയും വാറണ്ടിലോ ഉത്തരവിലോ പ്രത്യേകം പറഞ്ഞിരിക്കാവുന്ന വിധത്തിലും നിയന്ത്രണങ്ങളോടെയോ കാഠിന്യം കുറയ്ക്കലോടെയോ കൂടിയും തടവുകാരനെ തടവിൽ വെയ്ക്കേണ്ടതാണ്.

8. <u>തടവുകാരെ ഒരു ജയിലിൽനിന്നും മറ്റൊന്നിലേക്ക് മാറ്റൽ.</u>—(1) ഗവൺമെന്റിന്, പൊതുവോ പ്രത്യേകമോ ആയ ഉത്തരവുമൂലം തടവുകാരെ സംസ്ഥാനത്തിനകത്തുള്ള ഒരു ജയിലിൽനിന്നും മറ്റൊന്നിലേയ്ക്ക് മാറ്റുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) ഉത്തരവുകൾക്കു വിധേയമായും, ഗവൺമെന്റിന്റെ നിയന്ത്രണത്തിലും ഇൻസ്പെക്ടർ ജനറലിന് ഉത്തരവുമൂലം തടവുകാരെ സംസ്ഥാനത്തിനകത്തുള്ള ഒരു ജയിലിൽനിന്നും മറ്റൊന്നിലേയ്ക്ക് മാറ്റുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഉത്തരവുകൾക്കു വിധേയമായും, ഗവൺമെന്റിന്റെയോ, ഇൻസ്പെക്ടർ ജനറലിന്റെയോ നിയന്ത്രണത്തിലും ജില്ലാ കളക്ടർക്ക് ഉത്തരവുമൂലം തടവുകാരെ ജില്ലയ്ക്കകത്തുള്ള ഒരു ഉപജയിലിൽ നിന്നും മറ്റൊന്നിലേയ്ക്ക് മാറ്റുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതും, അദ്ദേഹം അങ്ങനെയുള്ള എല്ലാ സ്ഥലംമാറ്റങ്ങളും സ്ഥലമാറ്റങ്ങൾക്ക് താൻ ഉത്തരവിട്ട് കഴിഞ്ഞയുടൻതന്നെ ഇൻസ്പെക്ടർ ജനറലിനെ അറിയിക്കേണ്ടതും ആകുന്നു.

9. <u>ചിത്തഭ്രമമുള്ള തടവുകാരെ എങ്ങിനെ കൈകാര്യം ചെയ്യണമെന്ന്.</u>—(1) ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും ഉത്തരവോ ശിക്ഷാ വിധിയോ പ്രകാരം തടവിൽ വെയ്ക്കുകയോ ജയിലിലടയ്ക്കുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും ആൾ ചിത്തഭ്രമമുള്ള ആളാണെന്ന് ഗവൺമെന്റിന് തോന്നുന്ന പക്ഷം, അയാൾ ചിത്തഭ്രമമുള്ളയാളാണെന്ന വിശ്വാസത്തിനുള്ള കാരണങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഒരു വാറണ്ടുമൂലം, ഗവൺമെന്റിന് അയാളെ സംസ്ഥാനത്തിനകത്തുള്ള ഒരു ഭ്രാന്താലയത്തിലേയ്ക്കോ, സുരക്ഷിതബന്തവസ്സുള്ള മററ് സ്ഥാനത്തേക്കോ മാറ്റുന്നതിനും, അയാളെ തടവിൽ വെയ്ക്കുന്നതിനോ, ജയിലിലടയ്ക്കുന്നതോ ഉത്തരവിടുകയോ വിധിക്കുകയോ ചെയ്തിട്ടുള്ള കാലത്തിന്റെ ശേഷിക്കുന്ന കാലത്തേക്കോ, അഥവാ ആ കാലാവധി തീരുമ്പോൾ തടവുകാരന്റെയോ, മററുള്ളവരുടേയോ സുരക്ഷിതത്വത്തിന് അയാളെ വൈദ്യശ്രദ്ധയിലോ, ചികിൽസയിലോ തുടർന്ന് തടവിൽവെക്കേണ്ടത് ആവശ്യമാണെന്ന്

ഒരു മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ, നിയമമനുസരിച്ച് അയാളെ മോചിപ്പിക്കുന്നതുവരെയ്ക്കോ, അയാളെ അവിടെ സൂക്ഷിക്കുന്നതിനും ചികിൽസിക്കുന്നതിനും ഉത്തരവിടാവുന്നതാണ്.

(2) തടവുകാരൻ സ്ഥിരബുദ്ധിയുള്ളയാളായിത്തീർന്നിട്ടുണ്ടെന്ന് ഗവൺമെന്റിന് തോന്നുന്നപക്ഷം, പിന്നീടും ബന്തവസ്സിൽ സൂക്ഷിക്കപ്പെടേണ്ട ബാദ്ധ്യസ്ഥനാണെങ്കിൽ, ഗവൺമെന്റ് തടവുകാരന്റെ ചാർജ്ജ് വഹിക്കുന്നയാൾക്ക് അയച്ചുകൊടുക്കുന്ന ഒരു വാറണ്ടുമൂലം ഏതു ജയിലിൽ നിന്നാണോ അയാളെ നീക്കംചെയ്തത് ആ ജയിലിലേയ്ക്കോ, അഥവാ സംസ്ഥാനത്തിനകത്തുള്ള മറെറാരു ജയിലിലേക്കോ റിമാൻഡു ചെയ്യുകയോ അഥവാ തടവുകാരൻ തുടർന്ന് ജയിലിൽ സൂക്ഷിക്കപ്പെടേണ്ട ബാദ്ധ്യസ്ഥനല്ലെങ്കിൽ അയാളെ മോചിപ്പിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ഒരു തടവുകാരനെ ഭ്രാന്താലയത്തിൽ അടച്ചിരിക്കുന്ന സമയം, അയാൾ അനുഭവിക്കുന്നതിന് കോടതി ഉത്തരവിടുകയോ വിധിക്കുകയോ ചെയ്തിരിക്കാവുന്ന തടവിന്റെയോ ജയിൽ വാസത്തിന്റെയോ കാലാവധിയുടെ ഭാഗമായി കണക്കാക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പുപ്രകാരം ഒരു തടവുകാരനെ സംസ്ഥാനത്തിനകത്തുള്ള ഒരു ഭ്രാന്താലയത്തിലേക്കോ, സുരക്ഷിതബന്തവസ്സുള്ള മററ് സ്ഥലത്തേക്കോ നീക്കം ചെയ്യുന്നതിന് ഉത്തരവിടാൻ ഗവൺമെന്റിന് അധികാരമുള്ള ഏതൊരു സംഗതിയിലും ഇൻഡ്യൻ ഭരണഘടനയുടെ 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഇൻഡ്യയിലെ മറേറതെങ്കിലും സംസ്ഥാനത്തേയോ യൂണിയൻ പ്രദേശത്തേയോ അങ്ങനെയുള്ള ഏതെങ്കിലും ആലയത്തിലേക്കോ, സ്ഥലത്തേക്കോ അയാളെ നീക്കം ചെയ്യുന്നതിന് അങ്ങനെയുള്ള മററ് സംസ്ഥാനത്തെ ഗവൺമെന്റുമായോ യൂണിയൻ പ്രദേശത്തെ അഡ്മിനിസ്ട്രേറററുമായോ ഉള്ള കരാറനുസരിച്ച് ഗവൺമെന്റിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

10. <u>ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം</u>.—(1) ഈ ആക്ററിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഗവൺമെന്റിന് ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റുപ്രകാരമുണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ യോഗം ചേർന്നിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ പതിനാലു ദിവസകാലത്തേക്ക്—അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാം—വെയ്ക്കേണ്ടതും, അപ്രകാരം വെയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേള

നതോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ചട്ടത്തിൽ വല്ല ഭേദഗതിയും വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടായെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം നേരത്തെ ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ദൂഷ്യം വരുത്താത്തവിധത്തിലായിരിക്കേണ്ടതാകുന്നു.

11. റദ്ദാക്കൽ.—തടവുകാരെ സംബന്ധിച്ച 1950-ലെ തിരുവിതാംകൂർ-കൊച്ചി ആക്റ്റ് (1950-ലെ XVII) ഇതിനാൽ റദ്ദാക്കുന്നു. 1956-ലെ സംസ്ഥാന പുന:സംഘടനേ ആക്റ്റ് (1956-ലെ 37-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മലബാർ ജില്ലയ്ക്ക് തടവുകാരെ സംബന്ധിച്ച 1900-ലെ ആക്റ്റ് (1900-ലെ 3-ാം കേന്ദ്ര ആക്റ്റ്) ബാധകമല്ലാതായിത്തീരുന്നതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തെ തടവുകാരെ സംബന്ധിച്ച നിയമം തടവുകാരെ സംബന്ധിച്ച 1950-ലെ തിരുവിതാംകൂർ-കൊച്ചി ആക്റ്റിൽ (1950-ലെ XVII) അടങ്ങിയിരിക്കുമ്പോൾ, മലബാർ പ്രദേശത്ത് പ്രാബല്യത്തിലുള്ള സമാനമായ നിയമം തടവുകാരെ സംബന്ധിച്ച 1900-ലെ ആക്റ്റ് (1900-ലെ 3-ാം കേന്ദ്ര ആക്റ്റ്) ആണ്. ഈ നിയമങ്ങൾക്കു പകരമായി സംസ്ഥാനം മുഴുവൻ ബാധകമായ ഒരൊററ നിയമം ആവശ്യമാണെന്ന് കരുതുന്നു.

2. ഈ ബിൽ മേൽപ്പറഞ്ഞ ലക്ഷ്യം നേടുന്നതിനുദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്.

ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും, നടപ്പിലാക്കുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരധികച്ചെലവും ഉണ്ടാകുന്നതല്ല.

ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബില്ലിന്റെ 10-ാം ഖണ്ഡം ആക്റ്റിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു ചട്ടങ്ങളുണ്ടാക്കുന്നതിന് ഗവൺമെന്റിനെ അധികാരപ്പെടുത്തുന്നു. ചട്ടങ്ങളുണ്ടാക്കാവുന്ന കാര്യങ്ങൾ നടപടിപരവും ഭരണപരവുമായ സ്വഭാവം മാത്രമുള്ളവയാണ്. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമായിരിക്കുന്നതാണ്. ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം അങ്ങനെ സാധാരണ സ്വഭാവമുള്ളതാണ്.

സി. എച്ച്. മുഹമ്മദുകോയ.

(A true translation)

C. H. Kunhiraman,
Head Translator.

List of Manufacturers, Repairers and Dealers Licenced in the Kerala State for the period from 1-7-1971 to 30-9-1971 under the Kerala Weights & Measures (Enforcement) Act and Rules.

5th October 1971

Name and address	Details of articles	Licence No.
(1)	(2)	(3)
I. MANUFACTURERS NIL.		
II REPAIRERS:		
1 Sri V. M. Mohammed, Vadakkakathu, Elamakkara South, Edappally.	Beamscales of Classes C & D and platform machines.	R-265
2. ,, M.N. Jananardhanan Nair, Precision Scales, Near J. B. School, Badagara.	Weights, Measures, Beamscales (Classes C & D), Counter machines, Spring Balances and platform machines.	R-266
3. ,, K. V. Abraham, Kalavilathekkethil, Ammakandakara, Adoor.	Weights, Measures, and Beamscales (Classes C & D)	R-267
4 M/s. Accuracy (P) Co., 7/336 Railway Station Road, Kottayam.	All kinds of weighing instruments.	R-268
5. Sri. E. Sudhakaran, Scales and Industries PVX Villa, Kurisuparambu, Cochin-2.	Beamscales, Counterscales and platform machines.	R-269
III. DEALERS:		
1. Central Metal Stores, 10/368, Palayam Road, Calicut.	Cast Iron Weights, Capacity measures (except dry measures) and weighing and Measuring Instruments.	D-885

	(1)	(2)	(3)
2.	Bright Metal Stores, Big Bazaar, Nileshwar, Cannanore District.	Weights, Measures, (except dry measures) and weighing instruments.	D-886
3.	Quality Hardware Stores, High Road, Trichur.	Do.	D-887
4.	Standard Medical Stores, Perumbavoor.	Dispensing Measures and Measuring Instruments.	D-888
5.	Sri. P. O. Poulose, Hardware Merchant, Market Road, Chalakkudy.	Weights, Measures (except dry measures) Weighing and Measuring instruments	D-889
6.	Sri. K. J. Joseph, Mini Stores, Erumely.	Weights, Beamscales and Measures (except dry measures)	D-890
7.	M/s. William Goodacre and Sons (India) Ltd., P. B. No. 6, Alleppey.	All kinds of Metric weights and weighing instruments.	D-891
8.	M. S. Hajee Mohideen Pillai Sons, Hardware Merchant, Mullackal, Alleppey.	All kinds of metric weights, measures (except dry measures) weighing and measuring instruments.	D-892
9.	Sri. P. R. Madhavan, Pacholil Hardwares; Vellathooval P. O.	Weights, Measures (except dry measures) and weighing instruments.	D-893
10.	M/s. K. S. Ramiah Chetty Brother, General Merchant, 10/363, Palayam Road, Calicut.	Weights, Measures (except dry measures) and all kinds of weighing and measuring instruments.	D-894
11.	Sri. K. Velappan Nair, Padma Stores, Hardware Merchants, Mullackal, Alleppey.	Do.	D-895
12.	M/s. C. Perumal Pillai Sons, Power House Road, Trivandrum.	All kinds of weights, measures (except dry measures) weighing and measuring instruments.	D-896

	(1)	(2)	(3)
13.	M/s. Accuracy (P) Co., 7/336 Railway Station Road, Kottayam.,	Weights (other than bullion weights), weighing and measuring instruments.	D. 97
14.	Sri. V. Shahul Hameed, V. S. H. Shah Hardwares, Chalai, Trivandrum.	All kinds of beam-scales, counter machines, weights, measures (except dry measures) and measuring instruments.	D-898
15.	Sri. N. Jayachandran Nair, Jayabharat Hardwares, Paravur P. O., Quilon.	Weights, Measures (except dry measures) and beamscales	D-899
16	Sri. T. Ananthan Chettiar, S. P. Jewellery Mart, Chalai, Trivandrum.	All kinds of metric weights, and weighing instruments.	D-900
17.	M/s. Travancore Neo Agencies, Vanchiyoor Road, Trivandrum.	All kinds of weighing instruments.	D-901
18	City Medical Service, Statue Junction, Trivandrum.	Weights, Measures (except dry measures) and weighing instruments.	D-902
19.	Sri. V. M. Mohammed, General Merchant, S Batteri P. O.	Weights, Measures (except dry measures) and all kinds of weighing instruments.	D-903

List of Licences Cancelled

		Address	*Licence No.*
		(1)	(2)
I. MANUFACTURERS:	1.	M/s. Mukunda Agricultural Implements and Steel Trunk Works, Badagara.	M-20
	2.	Sri. M. Abdul Rahiman, Swaraj Industrial Society, T. B. Road. Kottayam.	M-92
	3	M/s. Ganesh Enterprises, Machinery Dealers, Wadakkancherry.	M-100
II. REPAIRERS:	1.	Sri. A. C. Kuttan, Ambady Hardwares Mart, Ponnani.	R-247

	(1)	(2)
	2. Sri Ganesh Enterprises, Machinery Dealers, Wadakkancherry.	R-248
III. DEALERS:	1. M. M. Pylee, Hardware Merchant, Perumbavoor.	D-114
	2. Sri. M. Veerannan Chettiar, Hardware Merchan. Main Road, Nenmara	D-151
	3. The Kerala State Co-operative Marketing Federation Ltd., P. B. No. 80, Beach Road, Calicut.	D 443
	4. M/s. P. A. Joseph & Chummar, General Merchants, Thazhakott Bazar, Kattoor P. O.	D-493
	5. Sri. M. Abdul Rahiman, Swaraj Industrial Society, T. B. Road, Kottayam.	D-536
	6. Sri. Ganesh Enterprises, Machinery Dealers, Wadakkancherry.	D-596
	7. M/s. Nazir Hardware Stores, Big Bazzar, Palghat.	D-639
	8. Sri. C. V. Paul, C. V. Hardwares, Irinjalakuda.	D-672
	9. K. Khader, Indian Stores, Sultan Battery.	D-683
	10. K. Abdul Razakkhan, Hardware Stores, Nenmara P. O.	D-695
	11. Sri. P. K. Kutty, Maliyil House, Nagampadam, Kottayam.	D-769

(1)	(2)
12. Sri. K. Yousaf, Vessel Merchant, Kottapadi, Malappuram.	D-782
13. Sri. M. K. Mohammed Ali, Kerala Hardwares & Paints, Kodungallore.	D-881
14. M/s. Amur Tools, Kammath lane, Palayam Road, Calicut.	D-849

(Sd.)

Trivandrum-1. For *Controller* (*W & M*).

G. 300/S